വ്യവസായാവശ്യങ്ങൾക്ക് നൽകുന്ന വിദ്യുച്ഛക്തിയുടെ വില

213 [265] ശ്രീ. കെ. പി. പ്രഭാകരൻ :
,, കാനം രാജേന്ദ്രൻ :
ശ്രീമതി ഭാർഗവി തങ്കപ്പൻ :
ശ്രീ. പി. കുമാരൻ :
,, കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) വ്യവസായങ്ങൾക്ക് നൽകുന്ന വിദ്യുച്ഛക്തിക്ക് ഇപ്പോൾ ഇലക്ട്രിസിറ്റി ബോർഡ് വസൂലാക്കുന്ന വില എത്ര ;

(ബി) പുതിയ നിരക്കുപ്രകാരം ഒരു മാസത്തിൽ ബോർഡിനു വ്യവസായ സ്ഥാപനങ്ങളിൽ നിന്നും കൺസ്യൂമർ ചാർജ്ജിൽ എന്തു വർദ്ധനവുണ്ടായിട്ടുണ്ട് ?

ഉത്തരം

(എ) താഴെ പറയുന്ന നിരക്കിലാണ് വ്യവസായങ്ങൾക്ക് വിദ്യുച്ഛക്തി നൽകുന്നത്.

1. ലോ ടെൻഷൻ : ഫിക്സഡ് ചാർജ്ജ് കണക്ഷനു ലോഡ് കിലോവാട്ടിന് ഒന്നിനു പ്രതിമാസം 8 രൂപ. കൂടാതെ എനർജി ചാർജ്ജ് യൂണിറ്റൊന്നിന് 17 പൈസ.

2. ഹൈ ടെൻഷൻ (11 കെ. വി.) ഡിമാൻഡ് ചാർജ്ജ് : ബില്ലിംഗ് ഡിമാൻഡ് കെ. വി. എ. ഒന്നിനു പ്രതിമാസം 45 രൂപ. കൂടാതെ എനർജി ചാർജ് (1) ആദ്യത്തെ 250 യൂണിറ്റ്/കെ. വി. എ. ബില്ലിംഗ് ഡിമാൻഡ് യൂണിറ്റൊന്നിന് 12 പൈസ.

(2) അടുത്ത 250 യൂണിറ്റ്/കെ. വി. എ. ബില്ലിംഗ് ഡിമാൻഡ് യൂണിറ്റൊന്നിന് 11 പൈസ.

(3) ബാക്കി യൂണിറ്റിനു—യൂണിറ്റൊന്നിന് 10 പൈസ.

3. ഇ. എച്ച്. റ്റി.

(എ) 66 കെ. വി. ഡിമാൻഡ് ചാർജ്ജ് ബില്ലിംഗ് ഡിമാൻഡ് കെ. വി. എ. ഒന്നിന് പ്രതിമാസം 62 രൂപ. കൂടാതെ എനർജി ചാർജ്ജ്.

1. ആദ്യത്തെ 350 യൂണിറ്റ്/കെ. വി. എ. ബില്ലിംഗ് ഡിമാൻഡ് യൂണിറ്റൊന്നിനു 10 പൈസ.

2. ബാക്കി യൂണിറ്റിനു—യൂണിറ്റൊന്നിന് 8 പൈസ.

(ബി) 110 കെ. വി.

ഡിമാൻഡ് ചാർജ്ജ്—ബില്ലിംഗ് ഡിമാൻഡ് കെ. വി. എ. ഒന്നിന് പ്രതിമാസം 57 രൂപ കൂടാതെ എനർജി ചാർജ്.

1. ആദ്യത്തെ 350 യൂണിറ്റ്/കെ. വി. എ. ബില്ലിംഗ് ഡിമാൻഡ്/യൂണിറ്റൊന്നിന് 10 പൈസ.

2. ബാക്കി യൂണിറ്റിനു—യൂണിറ്റൊന്നിന് 8 പൈസ.

(ബി) എച്ച്. റ്റി., ഇ. എച്ച്. റ്റി. ഉപഭോക്താക്കൾക്ക് 1982-ൽ നടപ്പിലാക്കിയ വർദ്ധനയ്ക്കു ശേഷം ബോർഡ് താരിഫ് വർദ്ധനവു നടത്തിയിട്ടില്ല. എൽ. റ്റി. ഇൻഡസ്ട്രിയൽ ഉപഭോക്താക്കൾക്കു 1984 ഡിസംബറിൽ ആണ് അവസാനമായി വർദ്ധനവ് വരുത്തിയത്.

LIBRARY ARCHIVES Kerala Legislative Assembly